മെഡിക്കൽ ഉപകരണങ്ങളും ആംബുലൻസുകളും ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും വാങ്ങി വിതരണം ചെയ്യുകയുണ്ടായി. 2010-11-ൽ 42 കോടി രൂപ വിലയുള്ള 130 ഇനം ബയോമെഡിക്കൽ ഉപകരണങ്ങളും സംഭരണത്തിനായി ടെൻഡർ ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

വാഹനങ്ങളുടെ ക്ഷമത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം

13(*223) ശ്രീ. രാജു എബ്രഹാം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളുടെ ക്ഷമത പരിശോധിക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണ് ;

(ബി) വാഹന പരിശോധനയുടെ നിലവാരം ഉയർത്തുന്നതിനും പരിശോധനയ്ക്ക് ഏകീകൃത രീതിയുണ്ടാക്കുന്നതിനും കമ്പ്യൂട്ടർ നിയന്ത്രിത വാഹന പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ വർഷം എത്ര ആധുനിക വാഹന പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിൽ വാഹന പ്രവർത്തനക്ഷമത പരിശോധനയ്ക്ക് പ്രത്യേക ഉപകരണമോ മറ്റു സൗകര്യങ്ങളോ വകുപ്പിനില്ല. വാഹനങ്ങൾ ഓടിച്ചും പരിശോധിച്ചും എല്ലാ ഭാഗങ്ങളുടെയും ദൃശ്യപരിശോധന നടത്തി പ്രവൃത്തനക്ഷമത ഉറപ്പുവരുത്തിയുമാണ് ഇപ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. 10 വർഷം വരെ പഴക്കമുള്ള വാഹനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും ഒരു മോട്ടോർ വാഹന ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടറും അടങ്ങിയ ടീമിനെയും പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ പരിശോധിക്കുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും ഒരു മോട്ടോർ വാഹന ഇൻസ്പെക്ടറും അടങ്ങിയ ടീമിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) ഉണ്ട്

(സി) രണ്ട് ലൈറ്റ് മോട്ടോർ വാഹന പരിശോധനാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ചേവായൂരിലും കണ്ണൂരിലെ ഇളവായൂർ വില്ലേജിലും ആണ് അവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ജപ്പാൻ കുടിവെള്ള പദ്ധതി

14 (*224) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജല വിതരണത്തിനായി നടപ്പിലാക്കുന്ന ഏതൊക്കെ വൻകിട പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ ;

(ബി) തലസ്ഥാന നഗരിയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇനിയും ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രധാനമായും ഇതിനുവേണ്ടിയുള്ള പൈപ്പുകൾ സ്ഥാപിക്കാനുള്ളത് ;

(ഡി) ഈ പദ്ധതി നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ഇ) നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാത്തതുകൊണ്ട് ഈ പദ്ധതിക്കായി എസ്റ്റിമേറ്റ് തുകയിൽ നിന്ന് എത്ര തുക അധിക ചെലവ് നേരിടേണ്ടി വരുമെന്ന് അറിയിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ,

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 174 വൻകിട ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്.

ജൈക്ക സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ഉൾപ്പെട്ട അഞ്ച് ശുദ്ധജലവിതരണ പദ്ധതികളും UIDSSMT പ്രകാരമുള്ള 13 പദ്ധതികളും 2 ജന്റം പദ്ധതികളും ഇവയിൽ ഉൾപ്പെടുന്നു. പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരം അനുബന്ധം ഒന്നിലും അവയുടെ പേര് വിവരം അനുബന്ധം രണ്ടിലും കൊടുത്തിരിക്കുന്നു. *

(ബി). തലസ്ഥാനനഗരിയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗിക കമ്മീഷനിംഗ് 18-5-2010-ൽ നടത്തി. അന്നു മുതൽ പ്രതിദിനം 37 ദശലക്ഷം ലിറ്റർ ശുദ്ധജലം അധികമായി തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമായി വിതരണം ചെയ്തു വരുന്നു. പദ്ധതിയുടെ ഭാഗമായ 74 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം ഇപ്പോൾ 95% പൂർത്തിയാക്കിയിട്ടുണ്ട്. 42 കി.മീ. ദൈർഘ്യമുള്ള ട്രാൻസ്മിഷൻ മെയിനിന്റെ നിർമ്മാണം മിക്കവാറും പൂർത്തിയായി കഴിഞ്ഞു. പുതുതായി 257 കി.മീ. പൈപ്പ് ലൈനുകളും വിതരണശൃംഖലയിൽ സ്ഥാപിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly